**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 379** **05-12-2022 - ൽ മറുപടിയ്ക്ക്**

**തെരുവ് നായ ശല്യം ദൂരീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തെരുവ് നായ ശല്യം ദൂരീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (എ) | വികേന്ദ്രീകൃതാസൂത്രിത സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച വിഷയത്തിൽ 26.07.2022 ന് യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച ABC പദ്ധതിയുമായി (ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം) ബന്ധപ്പെട്ട് വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുകയുമുണ്ടായി. പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് 23.08.2022 ൽ സ.ഉ (സാധാ) 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.<br><br>സംസ്ഥാനത്ത് തെരുവു നായകളുടെ കടിയേൽക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്ന അടിയന്തര സാഹചര്യം പരിഗണിച്ച് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12.09.2022, 13.09.2022 എന്നീ തീയതികളിൽ ഉന്നതതല യോഗങ്ങൾ ചേരുകയും പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 15.09.2022 ലെ സ.ഉ (സാധാ) 2244/2022/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുള്ളതുമാണ്.<br><br>കൂടാതെ ടി ഉത്തരവിലെ നിർമ്മാണ നിർവ്വഹണ മേഖലകളിലെ ചുമതലകളിന്മേൽ സ്പഷ്ടീകരണം നടത്തിക്കൊണ്ട് 29.09.2022 ലെ സ.ഉ (സാധാ) 2376/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ചില അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുമുണ്ട്. |

പരാമർശ വിഷയവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയുടെയും ബഹു. ഹൈക്കോടതിയുടെയും ഉത്തരവുകളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സർക്കാരിന് സാധ്യമായ നടപടികൾ എല്ലാം തന്നെ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ പുറപ്പെടുവിച്ച ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ തന്നെ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുൾപ്പെടെയുള്ള പ്രതിരോധ പരിപാടികൾ സംഘടിപ്പിക്കുകയുമുണ്ടായി.

**<u>ഗ്രാമ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ</u>**

* നിലവിൽ സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് തലത്തിൽ 637 -ഓളം ഹോട്ട് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്.

* 941 ഗ്രാമപഞ്ചായത്തുകളിൽ 52144 വാർഡുകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതുവഴി 3256 തെരുവു നായ്ക്കൾക്കും 2,43,950 വളർത്തു നായ്ക്കൾക്കും വാക്സിനേഷൻ നൽകിയിട്ടുണ്ട്.

* ഗ്രാമ പഞ്ചായത്ത് തലത്തിൽ 81,283 വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

* 15.09.2022 ലെ സ.ഉ (സാധാ) 2244/2022/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 482 ഗ്രാമ പഞ്ചായത്തുകൾ തദ്ദേശ സ്ഥാപനതല ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഉടനടി പ്രസ്തുത കമ്മിറ്റികൾ രൂപീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

* നായകളെ പാർപ്പിക്കുന്നതിനായുള്ള അഭയ കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ ഇതിനായി ഒരു താല്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

* തെരുവു നായ ശല്യ നിയന്ത്രണ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് 431 ഐ.ഇ.സി ക്യാംപെയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | * ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകളിലായി 490 സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും പൊതു നിരത്തിലെ മാലിന്യ നിക്ഷേപത്തിന് 16,74,151/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.<br><br>**<u>നഗരസഭാ തലത്തിൽ സ്വീകരിച്ച നടപടികൾ</u>**<br><br><u>01.09.2022 മുതൽ 14.11.2022 വരെ സംഘടിപ്പിച്ച വാക്സിനേഷൻ, വന്ധ്യംകരണം, ലൈസൻസ് വിതരണം തുടങ്ങി വിവധ മേഖലയിൽ പൂർത്തിയാക്കിയ സ്ഥിതി വിവരകണക്ക് താഴെ കാണും പ്രകാരമാണ്.</u><br><br>* വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം - 3285<br><br>* വാക്സിനേഷൻ നടത്തിയ ആകെ തെരുവ് നായ്ക്കളുടെ എണ്ണം - 12022<br><br>* വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം - 42812<br><br>* രജിസ്ട്രേഷൻ/ ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം - 27452<br><br>* കണ്ടെത്തിയ അഭയകേന്ദ്രങ്ങളുടെ എണ്ണം - 3 (ആലപ്പുഴ, പാല, മഞ്ചേരി നഗരസഭകൾ)<br><br>* ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം - 730<br><br>* പൊതു നിരത്തുകളിലെ മാലിന്യ നിക്ഷേപത്തിന് ഈടാക്കിയ പിഴ തുക - 3158323/-<br><br>* സംഘടിപ്പിച്ച ഐ.ഇ.സി ക്യാംപയിനുകളുടെ എണ്ണം - 1003<br><br>* വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സ്ഥപ്പെട്ട് നടത്തിയ ഐ.ഇ.സി ബോധവത്കരണ ക്യാമ്പുകളുടെ എണ്ണം - 663<br><br>ഇവ കൂടാതെ 5 കോർപ്പറേഷനുകളിൽ സ്വന്തമായി എ.ബി.സി സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തി വരുന്നു.<br><br>2016 മുതൽ 30.08.2022 വരെ 79859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ